# കേരളസർവകലാശാല

നം.പി.ആർ.79/2023

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ /പ്രോജക്ട്/ വൈവ

കേരളസർവകലാശാല നടത്തിയ ആറാം സെമസ്റ്റർ ബി.പി.എ (വോക്കൽ) ഏപ്രിൽ 2023 ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ 2023 ഏപ്രിൽ 28 മുതൽ തിരുവനന്തപുരം ശ്രീ സ്വാതി തിരുനാൾ സംഗീത കോളജിൽ വച്ച് രാവിലെ 10 മണി മുതൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ഏപ്രിൽ മാസം വിജ്ഞാപനം ചെയ്ത ആറാം സെമസ്റ്റർ ബി.വോക് ടൂറിസം ആൻഡ് ഹോസ്പിറ്റലിറ്റി മാനേജ്മെന്റ് (352) കോഴ്സിന്റെ പ്രോജക്ട് ആൻഡ് വൈവ പരീക്ഷകൾ യഥാക്രമം 2023 മെയ് 16, 17 തീയതികളിൽ അതായത് കോളജുകളിൽ വച്ച് ആരംഭിക്കുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ നാലാം സെമസ്റ്റർ (2020 സ്കീം) കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ റെഗുലർ ഫെബ്രുവരി 2023, പ്രായോഗിക പരീക്ഷകൾ 2023 മെയ് 2 മുതൽ നടത്തുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

### പരീക്ഷ ഫലം

കേരളസർവകലാശാല 2023 ജനുവരി മാസത്തിൽ നടത്തിയ ബി.പി.എഡ് ഒന്നാം സെമസ്റ്റർ (സപ്ലിമെന്ററി), മൂന്നാം സെമസ്റ്റർ (റെഗുലർ & സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 നവംബർ മാസം നടത്തിയ മൂന്നും നാലും സെമസ്റ്റർ ബി.എസ്സി കമ്പ്യൂട്ടർ സയൻസ്/ ബി.സി.എ വിദൂരവിദ്യാഭ്യാസ വിഭാഗം (2020 അഡ്മിഷൻ റെഗുലർ, 2019 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി , 2017, 2018 അഡ്മിഷൻ സപ്ലിമെന്ററി ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാന തീയതി 2023 ഏപ്രിൽ 29. വിശദവിവരം വെബ്സൈറ്റിൽ.

### പരീക്ഷാ രജിസ്ട്രേഷൻ

കേരളസർവകലാശാല 2023 മെയ് മാസത്തിൽ നടത്തുന്ന നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്സ് (2020 സ്കീം – 2021 അഡ്മിഷൻ റെഗുലർ & 2020 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയ്ക്കുള്ള അപേക്ഷകൾ പിഴയില്ലാതെ 2023 മെയ് 3 വരെയും 150 രൂപ പിഴയോടുകൂടി മെയ് 6 വരെയും 400 രൂപയോടു കൂടി മെയ് 9 വരെയും സമർപ്പിക്കാവുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

### അഭിരുചി പരീക്ഷ

കേരളസർവകലാശാല 2022– 2023 അക്കാദമിക് വർഷത്തിൽ പ്രൈവറ്റ് രജിസ്ട്രേഷൻ വഴി ബി.എ മ്യൂസിക് ഡിഗ്രി കോഴ്സിന് അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള അഭിരുചി പരീക്ഷ 2023 മെയ് 16 രാവിലെ 11 മണിക്ക് സർവകലാശാലയുടെ പാളയം സെനറ്റ് ഹൗസ് ക്യാമ്പസിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ബന്ധപ്പെട്ട വിദ്യാർത്ഥികൾ അന്നേദിവസം രാവിലെ സർവകലാശാല ഓഫീസിൽ എത്തിച്ചേരേണ്ടതാണ്.

## ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് (ഓൺലൈൻ): തീയതി നീട്ടി

കേരളസർവകലാശാല അറബി വിഭാഗം നടത്തിവരുന്ന ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് ആറാം ബാച്ചിലേക്ക് (ഓൺലൈൻ) ഏതാനും സീറ്റ് ഒഴിവുണ്ട്. താല്പര്യമുള്ളവർ ഏപ്രിൽ 30 ന് മുമ്പായി നിർദ്ദിഷ്ട അപേക്ഷ ഫോമിൽ അപേക്ഷിക്കുക. ഓൺലൈൻ ആയിട്ടാണ് കോഴ്സ് നടത്തുന്നത്. വിശദ വിവരങ്ങൾ **www.arabicku.in** എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0471 2308846, 9562722485.

തിരുവനന്തപുരം,
25.04.2023

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website:** **www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No.8547330240**